## ഒ.ഇ.സി. ആനുകൂല്യങ്ങൾക്ക് അർഹതയുള്ള ഒ.ബി.സി.വിഭാഗങ്ങൾ

**212 (5015)** ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒ.ഇ.സി. ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്ന് 2014 മെയ് 23-ന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 30 സമുദായങ്ങളുടെ പദവി ഒ.ബി.സി.യിലാണോ, ഒ.ഇ.സി.- യിലാണോ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഓൺലൈൻ അപേക്ഷകൾ നൽകുമ്പോൾ ഈ സമുദായങ്ങളെക്കൂടി രേഖപ്പെടുത്തുവാൻ സംവിധാനമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ ന്യൂനത പരിഹരിച്ചുകൊണ്ട് പ്രസ്തുത 30 സമുദായങ്ങളുടെ പേരു വിവരങ്ങൾ കൂടി ചേർക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒ.ബി.സി. പദവിയിൽ തന്നെയാണുള്ളത്. ടി സമുദായങ്ങളിലെ 6 ലക്ഷത്തിലധികരിക്കാത്ത വാർഷിക വരുമാനമുള്ളവർക്ക് ഒ.ഇ.സി.-ക്ക് നൽകുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളത്.

(ബി) ഓൺലൈൻ അപേക്ഷ നൽകുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

(സി) ടി സമുദായങ്ങൾക്ക് ഓൺലൈനിൽ ആനുകൂല്യം അനുവദിച്ച് തുടങ്ങിയിട്ടുണ്ട്.

## ഐ.ടി.ഐ.കളുടെ നിലവാരം ഉയർത്താൻ പദ്ധതി

**213 (5016)** ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ.-കളുടെ നിലവാരം ഉയർത്താനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി നേടിയെടുക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)

(1) വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ. കളിൽ അനുയോജ്യമല്ലാത്ത ട്രേഡുകൾക്ക് പകരം അനുയോജ്യമായതും ജോലി സാധ്യത ഉള്ളതുമായ ട്രേഡുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിച്ച് റീ വാമ്പിംഗ് ഓഫ് ഐ.ടി.ഐ. എന്ന പരിപാടിയിൽ ഉൾപ്പെടുത്തി കോഴ്സുകൾ ആരംഭിക്കുക, ആദ്യഘട്ടത്തിൽ 20 ഐ.ടി.ഐ.കൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(2) പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്ന അപ് ഗ്രഡേഷൻ ഓഫ് ഗവൺമെന്റ് ഐ.ടി.ഐ. ത്രൂ പബ്ലിക്ക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വകുപ്പിന്റെ ഐ.ടി.ഐ. കളായ ഏലത്തൂർ (കോഴിക്കോട്), മംഗലം (പാലക്കാട്), പന്തളം (പത്തനംതിട്ട), മര്യാപുരം (തിരുവനന്തപുരം) എന്നീ ഐ.ടി.ഐ.-കളിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കുക

(3) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നത് ഉദ്ദേശിച്ച് 8 ഐ.ടി.ഐ.കൾ എം.ആർ.ഐ.ടി.ഐ. ആക്കി ഉയർത്തുക.

(4) ഐ.ടി.ഐ.കളിൽ വിവിധ ട്രേഡുകളിൽ പരിശീലനം നേടുന്ന വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ട്രേഡിൽ പരിജ്ഞാനം നേടുന്നതിനോടൊപ്പം തന്നെ കമ്പ്യൂട്ടർ പരിജ്ഞാനവും നേടുന്നതിലേയ്ക്കായി എല്ലാ ഐ.ടി.ഐ.കളിലും 10 കമ്പ്യൂട്ടറുകൾ വീതം നൽകി കമ്പ്യൂട്ടർ പരിശീലനം നൽകുക.

(സി) കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അനുമതി, ഇൻസ്ട്രക്ടർമാർ/ അദ്ധ്യാപകർ എന്നിവരുടെ നിയമനം, ആവശ്യമായ ഹോസ്റ്റൽ, ജീവനക്കാരുടെ നിയമനം എന്നിവ സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly